പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1950 *16.06.2014*-ൽ മറുപടിക്ക്

<u>ബസ് ചാർജ്ജ് വർദ്ധനവ് വഴി ഉണ്ടായ വാർഷിക വരുമാന വരവ്</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| ഇത്തവണ ബസ് ചാർജ്ജ് വർദ്ധിപ്പിച്ചതു വഴി കെ.എസ്.ആർ.ടി.സി-യുടെ വാർഷിക വരുമാന വരവ് എത്ര രൂപാ വർദ്ധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇത് വഴി കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തന നഷ്ടത്തിൽ എത്ര ശതമാനം കുറവുണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ബസ് ചാർജ്ജ് വർദ്ധനവിലൂടെ 10 ശതമാനം വരുമാന വർദ്ധനവാണ് കെ.എസ്.ആർ.ടി.സി പ്രതീക്ഷിക്കുന്നത്. പ്രതിദിനം ശരാശരി 50 ലക്ഷം രൂപയുടെ വർദ്ധനവ് ലഭ്യമായാൽ തന്നെ പ്രതിമാസം 15 കോടി രൂപയുടെ വർദ്ധനവേ വരുമാനത്തിൽ ഉണ്ടാകുകയുള്ളൂ. അത്തരത്തിൽ കണക്കാക്കുമ്പോൾ ശരാശരി 180 കോടി രൂപയുടെ വർദ്ധനവാണ് പ്രതിവർഷം വരുമാനത്തിൽ പ്രതീക്ഷിക്കുന്നത്. കെ.എസ്.ആർ.ടി.സി ഇപ്പോൾ പ്രതിമാസം 93 കോടി രൂപയുടെ കമ്മിയിലാണ് പ്രവർത്തിച്ച് വരുന്നത്. ബസ് ചാർജ്ജ് വർദ്ധിപ്പിച്ചതു വഴി പ്രതിമാസ നഷ്ടത്തിൽ 10 ശതമാനം കുറവുണ്ടാകുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ